സുപ്രഭാതം

24 June 2023

# മലബാറിൽ കല്ലുമ്മക്കായ ഉൽപാദനത്തിൽ വർധന

## ◉ കടൽമത്സ്യലഭ്യതയിലും 38 ശതമാനം വർധന



കല്ലുമ്മക്കായ വിളവെടുപ്പ്

കോഴിക്കോട് • കഴിഞ്ഞ വർഷം മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളടങ്ങിയ മലബാർ മേഖലയിൽ കല്ലുമ്മക്കായയുടെ ഉൽപാദനത്തിൽ ഒന്നരമടങ്ങിലധികം വർധനയുണ്ടായതായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ). മേഖലയിൽ കല്ലുമ്മക്കായ കൃഷിയിൽ 160 ശതമാനത്തിന്റെ വർധനവാണുണ്ടായത്. കാസർകോട് ജില്ലയിലെ പടന്നയിലാണ് ഏറ്റവും കൂടുതൽ ഉൽപാദനം. കടലിൽ നിന്നുള്ള ലഭ്യതയിലെ വർധന 15 ശതമാനമാണ്.

എന്നാൽ, വിലയിടിവ് സംഭവിച്ചതോടെ ഉൽപാദനവർധനവിനനുസരിച്ചുള്ള വരുമാനനേട്ടം കല്ലുമ്മക്കായ കർഷകർക്കും തൊഴിലാളികൾക്കും ലഭിച്ചില്ല. ഈ പ്രതിസന്ധി പരിഹരിക്കാൻ ഉൽപാദനം കൂടുന്നതിനനുസരിച്ച് കല്ലുമ്മക്കായയുടെ മൂല്യവർധിത ഉൽപന്നങ്ങൾ വികസിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ വേണമെന്ന് സി.എം.എഫ്.ആർ.ഐയിലെ ശാസ്ത്രജ്ഞർ നിർദേശിക്കുന്നു.

മേഖലയിൽ നിന്നുള്ള കടൽമത്സ്യലഭ്യതയിലും കഴിഞ്ഞ വർഷം വർധനവുണ്ടായി. 1.99 ലക്ഷം ടൺ മത്സ്യമാണ് മലബാറിലെ തീരങ്ങളിൽ നിന്നും കഴിഞ്ഞ വർഷം പിടിച്ചത്. 38 ശതമാനമാണ് വർധന. കേരളത്തിന്റെ സമുദ്രമത്സ്യോൽപാദനത്തിൽ 29 ശതമാനം പിടിച്ചത് മലബാർ ജില്ലകളിൽ നിന്നാണ്.

കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന സി.എം.എഫ്.ആർ.ഐയുടെ കോഴിക്കോട് പ്രാദേശിക ഗവേഷണ കേന്ദ്രത്തിൽ ചേർന്ന മത്സ്യത്തൊഴിലാളികളുടെയും ബോട്ടുടമകളുടെയും അനുബന്ധമേഖലയിൽ പ്രവർത്തിക്കുന്നവരുടെയും ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥരുടെയും ശിൽപശാലയിലാണ് ശാസ്ത്രജ്ഞർ കണക്കുകൾ അവതരിപ്പിച്ചത്. ചെറുമീൻപിടിത്തം കർശനമായി നിയന്ത്രിച്ചാൽ മത്സ്യമേഖലക്ക് സാമ്പത്തിക നേട്ടമുണ്ടാക്കാമെന്ന് പ്രിൻസിപ്പൽ സയന്റിസ്റ്റ് ടി.എം നജ്മുദ്ദീൻ പറഞ്ഞു.

കായലുകളിലെ പാരിസ്ഥിതിക പ്രശ്നങ്ങൾ തീരദേശ മത്സ്യോൽപാദനത്തെ സാരമായി ബാധിക്കുന്നുണ്ട്. അഴിമുഖങ്ങളിൽ മണൽതിട്ടകൾ രൂപപ്പെടുന്നത് മത്സ്യസമ്പത്തിനെ ബാധിക്കും.

കായൽസംരക്ഷണവും കണ്ടൽവനങ്ങളുടെ സംരക്ഷണവും തീരദേശ മത്സ്യോൽപാദനത്തിന് അനിവാര്യമാണെന്നും കോഴിക്കോട് ഗവേഷണ കേന്ദ്രം മേധാവി ഡോ. കെ. വിനോദ് പറഞ്ഞു. ചെറുമീൻപിടുത്ത നിയന്ത്രണം വിജയകരമാക്കാൻ വിതരണവിൽപന ഉപഭോഗരംഗത്തും നിയമം പ്രാബല്യത്തിൽ വരുത്തണമെന്ന് മത്സ്യത്തൊഴിലാളി പ്രതിനിധികൾ പറഞ്ഞു.